ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ ചെറുപുഴ-പെരള ഹിൽ ഹൈവേയുടെ ചെറുപുഴ-ചിറ്റാരിക്കൽ 1st റീച്ച്. ചിറ്റാരിക്കൽ കതൻ കവല 2nd റീച്ച് എന്നീ റീച്ചുകൾക്ക് വേണ്ടി 189 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും ജി.ഒ.(ആർ.ടി.) നം.955/99/പൊമവ തീയതി 15-10-1999 പ്രകാരം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഭരണാനുമതി നൽകിയ ഭാഗത്തിന്റെ അലൈൻമെന്റും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

നാഷണൽ ഹൈവേയിൽ സിറ്റി ബൈപ്പാസുകൾ

116 (2096) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലെ എതെങ്കിലും റോഡുകൾ നാഷണൽ ഹൈവേ ആയി പ്രഖ്യാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം റോഡുകളാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) കേരളത്തിലെ നാഷണൽ ഹൈവേയിൽ ഓരോ റോഡിന്റെയും ദൈർഘ്യം എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നാഷണൽ ഹൈവേക്ക് ചുരുങ്ങിയത് എത്ര മീറ്റർ വീതിയിൽ സ്ഥലം ഉണ്ടായിരിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) എങ്കിൽ ഇതനുസരിച്ച് ഏതെല്ലാം നാഷണൽ ഹൈവേക്കാണ് ഇപ്പോൾ സ്ഥലം ലഭ്യമായിട്ടുള്ളത് എന്നറിയിക്കുമോ ;

(എഫ്) എത്ര നാഷണൽ ഹൈവേയിൽ സിറ്റി ബൈപ്പാസുകൾ പൂർത്തീകരിച്ചു കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എട്ട് റോഡുകൾ ദേശീയപാതയായി പ്രഖ്യാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് 17-3-1992-ൽ സമർപ്പിച്ചിരുന്നു. അവ താഴെ പറയുന്നവയാണ്.

1. തലശ്ശേരി - ചിത്രദുർഗ്ഗ്
2. എം. സി. റോഡ്
3. കോഴിക്കോട് - മൈസൂർ
4. കോട്ടയം - കുമിളി

LIBRARY ARCHIVES Kerala Legislative Assembly

5. പാലക്കാട് - കോഴിക്കോട്
6. കൊല്ലം - ചെങ്കോട്ട
7. അങ്കമാലി-ചെങ്കോട്ട-തിരുനൽവേലി
8. എഴിമലയെ ദേശീയപാത 17-മായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്. ഇവയിൽ കോഴിക്കോട് - മൈസൂർ, പാലക്കാട് - കോഴിക്കോട്, കൊല്ലം- ചെങ്കോട്ട എന്നീ റോഡുകൾ ഇതിനകം കേന്ദ്ര ഗവൺമെന്റ് ദേശീയപാതകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി)

ദേശീയപാത	47	-	416.80 കി.മീ.
ദേശീയപാത	17	-	420.80 കി.മീ.
ദേശീയപാത	49	-	167.60 കി.മീ.
ദേശീയപാത	47എ	-	5.90 കി.മീ.
ദേശീയപാത	208	-	81 കി.മീ.
ദേശീയപാത	212	-	117.00 കി.മീ.
ദേശീയപാത	213	-	141.00 കി.മീ.

(ഡി) സംസ്ഥാനത്തെ ഹൈവേകൾക്ക് ചുരുങ്ങിയത് 30 മീറ്റർ വീതിയിൽ സ്ഥലം വേണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ബൈപാസ്സുകൾ വരുന്ന ഭാഗങ്ങളിൽ ഇത് 45 മീറ്റർ ആണ്.

(ഇ) ദേശീയപാത 47-ൽ തിരുവനന്തപുരം രണ്ടാംഘട്ടം ഒഴിച്ച് ബാക്കി ഭാഗത്ത് നിർദ്ദിഷ്ട വീതിയിൽ സ്ഥലമെടുപ്പ് നടത്തിയിട്ടുണ്ട്. ദേശീയപാത 17-ൽ 132 കിലോമീറ്റർ നീളത്തിൽ നിർദ്ദിഷ്ട വീതിയിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ദേശീയപാത 47 എയിൽ 5.9 കി.മീ. ദൂരവും നിഷ്കർഷിച്ചിട്ടുള്ള വീതിയിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ബാക്കി ദേശീയപാതകളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടില്ല.

(എഫ്) ദേശീയപാത 17-ൽ വടകര, ദേശീയപാത 47-ൽ കൊച്ചി, ആലുവ, ചാലക്കുടി, തൃശ്ശൂർ, പാലക്കാട് എന്നീ ബൈപ്പാസുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

റെയിൽവേ സുരക്ഷയ്ക്ക് റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി

117 (2097) ശ്രീ. സി കെ. രാജേന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ സുരക്ഷാ പ്രവർത്തനങ്ങൾക്ക് റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly